©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി

## (2023-2026)

**പതിനേഴാമത് റിപ്പോർട്ട്**

**(2024-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് )**

( 2025 മാർച്ച് മാസം 20 -ാം തീയതി സഭയിൽ സമർപ്പിച്ചത് )

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2025

# പതിനഞ്ചാം കേരള നിയമസഭ

## അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി

## (2023-2026)

### പതിനേഴാമത് റിപ്പോർട്ട്

### (2024-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് )

(2025 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത് )

469 /2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I. സമിതി റിപ്പോർട്ട് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം | .. | 3 |
| II. സമിതി യോഗത്തിൽ ഹാജരായ അംഗങ്ങളും പരിഗണിച്ച വിഷയങ്ങളും | .. | 4 |
| III. സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം | .. | 5 |
| IV. സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ ലിസ്റ്റ് | .. | 6 |
| V. സർക്കാരിൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ തീർപ്പാക്കാനുള്ള ഫയലുകളുടെ ലിസ്റ്റ് | .. | 7 |

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി (2023-2026)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പ്രമോദ് നാരായൺ.

<u>അംഗങ്ങൾ :</u>

ശ്രീ. സി. എച്ച് . കുഞ്ഞമ്പു

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. വി. ആർ . സുനിൽ കുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. വി. ജി. റിജു, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ് , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സാചി ടി.പി., അണ്ടർ സെക്രട്ടറി.

## ആമുഖം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2023 ഡിസംബർ 15-ന് അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി (2023-2026) നിലവിൽ വന്നു. 2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി ആകെ 6 യോഗങ്ങൾ ചേരുകയുണ്ടായി. അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങളുടെ സമയപരിധി നിശ്ചയിക്കുന്നതിനായി 5 യോഗങ്ങളും സർക്കാരിൽ നിന്നും ലഭിച്ച വിവിധ നടപടി റിപ്പോർട്ടുകൾ പരിഗണിക്കുന്നതിനായി ഒരു യോഗവുമാണ് ചേർന്നത് . റിപ്പോർട്ട് കാലയളവിലെ സമിതിയുടെ പ്രവർത്തനങ്ങളുടെയും ഈ കാലയളവിൽ സർക്കാരിൽ നിന്നും ലഭിച്ച വിവിധ നടപടി റിപ്പോർട്ടുകളുടെ പരിശോധനയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട് .

2025 മാർച്ച് 19-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പ്രമോദ് നാരായൺ,
*അദ്ധ്യക്ഷൻ ,*
*അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി .*

തിരുവനന്തപുരം,
20-3-2025.

# റിപ്പോർട്ട്

അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തോട് അനുബന്ധിച്ചുള്ളതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് വേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ളതാണ് അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി. സഭാസമ്മേളനവേളകളിൽ അനൗദ്യോഗികാംഗങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന വെള്ളിയാഴ്ചകളിലെ അനൗദ്യോഗികാംഗങ്ങളുടെ കാര്യം എപ്രകാരമായിരിക്കണമെന്നും അതിന്റെ സമയക്രമവും അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ശിപാർശ പ്രകാരം സഭ തീരുമാനിക്കുകയും അതനുസരിച്ച് നിർവ്വഹിക്കപ്പെടുകയും ചെയ്യുന്നു. അനൗദ്യോഗിക ബില്ലുകൾ സഭയിൽ അവതരിപ്പിച്ചതിനുശേഷം അവ പരിഗണനയ്ക്കെടുക്കുന്നതിന് മുമ്പായി പരിശോധിക്കുകയും അവയുടെ സ്വഭാവം, അനിവാര്യത, പ്രാധാന്യം എന്നിവ അനുസരിച്ച് അവയെ തരംതിരിക്കുകയും ചെയ്യുക, ഓരോ അനൗദ്യോഗിക ബില്ലിന്റെയും അവതരണ ഘട്ടത്തിലോ അല്ലെങ്കിൽ വിവിധ ഘട്ടങ്ങളിലോ ഉള്ള ചർച്ചയ്ക്കായി നീക്കിവയ്ക്കേണ്ട സമയം ശിപാർശ ചെയ്യുകയും കൂടാതെ അപ്രകാരം തയ്യാറാക്കപ്പെട്ട സമയവിവരപട്ടികയിൽ ഒരു ദിവസം ബില്ലിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ട വ്യത്യസ്ത സമയങ്ങൾ ഏതെന്ന് സൂചിപ്പിക്കുകയും ചെയ്യുക, ഒരു അനൗദ്യോഗിക ബിൽ നിയമസഭയുടെ നിയമനിർമ്മാണാധികാരത്തിന് അതീതമായ നിയമനിർമ്മാണത്തിന് പ്രേരകമാകുന്നുവെന്ന കാരണത്താൽ സഭയിൽ എതിർക്കപ്പെടുകയും പ്രസ്തുത എതിർപ്പ് പ്രഥമദൃഷ്ട്യാ നിലനിൽക്കുന്നതാണെന്ന് സ്പീക്കർ കരുതുകയും ചെയ്യുന്നുവെങ്കിൽ പ്രസ്തുത ബിൽ പരിശോധിച്ച് സഭയ്ക്ക് റിപ്പോർട്ട് ചെയ്യുക, അനൗദ്യോഗിക ബില്ലുകളുടെയും പ്രമേയങ്ങളുടെയും ചർച്ചയ്ക്കുള്ള സമയപരിധി ശിപാർശ ചെയ്യുക, സഭ പാസാക്കുന്ന പ്രമേയങ്ങൾ നടപ്പാക്കിയോയെന്നും അവ നടപ്പാക്കിയെങ്കിൽ അതിനാവശ്യമായ ചുരുങ്ങിയ സമയത്തിനുള്ളിലാണോ നടപ്പാക്കിയതെന്നും പരിശോധിക്കുക, അനൗദ്യോഗിക ബില്ലുകളുടെയും പ്രമേയങ്ങളുടെയും ചർച്ചാവേളകളിൽ മന്ത്രിമാർ സഭാതലത്തിൽ നൽകുന്ന ഉറപ്പുകളും വാഗ്ദാനങ്ങളും നടപ്പാക്കിയോയെന്നും നടപ്പാക്കിയെങ്കിൽ അത് ഏറ്റവും ചുരുങ്ങിയ സമയപരിധിക്കുള്ളിൽ നടപ്പാക്കിയിട്ടുണ്ടോയെന്നും പരിശോധിക്കുകയും സഭയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക എന്നിവ സമിതിയുടെ കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നു.

പ്രധാനമായും രണ്ട് തരത്തിലുള്ള റിപ്പോർട്ടുകളാണ് സമിതി സഭയിൽ സമർപ്പിക്കാറുള്ളത് . അനൗദ്യോഗിക ബില്ലുകളുടെയും പ്രമേയങ്ങളുടെയും ചർച്ചയ്ക്കുള്ള സമയം ശിപാർശ ചെയ്തുകൊണ്ടുള്ളതാണ് അതിലൊന്ന് . പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും അനൗദ്യോഗിക കാര്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ദിവസത്തിൽ സമിതി അദ്ധ്യക്ഷൻ റിപ്പോർട്ട് സഭ അംഗീകരിക്കണമെന്ന ഉപക്ഷേപം

അവതരിപ്പിക്കുകയും ചെയ്യുന്നു. സഭ പാസാക്കിയ അനൗദ്യോഗിക പ്രമേയം സർക്കാർ നടപ്പാക്കിയതു സംബന്ധിച്ചും അനൗദ്യോഗിക പ്രമേയങ്ങളുടെയും ബില്ലുകളുടെയും ചർച്ചാവേളകളിൽ മന്ത്രിമാർ സഭാതലത്തിൽ നൽകുന്ന ഉറപ്പുകളേയും വാഗ്ദാനങ്ങളേയും സംബന്ധിച്ചും നടത്തുന്ന പരിശോധനയെപ്പറ്റിയുള്ളതാണ് രണ്ടാമത്തെ ഗണത്തിൽപ്പെടുന്ന റിപ്പോർട്ടുകൾ. ഇതുകൂടാതെ സമിതിയുടെ പരിഗണനയിലുള്ള വിഷയങ്ങളെ സംബന്ധിച്ച് പ്രത്യേക പഠനം നടത്തി അതു സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ടുകളും സമിതി സഭയിൽ സമർപ്പിക്കാറുണ്ട് .

റിപ്പോർട്ട് കാലയളവിൽ സമിതി അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങളുടെ സമയപരിധി നിശ്ചയിച്ചുകൊണ്ട് 5 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു. അതിൽ നാലെണ്ണം അനൗദ്യോഗിക ബില്ലുകളുടെ സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ളതും ഒരെണ്ണം അനൗദ്യോഗിക പ്രമേയങ്ങളുടെ സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ളതും ആയിരുന്നു.

പ്രമോദ് നാരായൺ,

തിരുവനന്തപുരം,

20-3-2025.

*അദ്ധ്യക്ഷൻ* ,

*അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും*

*സംബന്ധിച്ച സമിതി* .

## <u>അനുബന്ധം I</u>

സമിതി റിപ്പോർട്ട് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം

| ക്രമ നമ്പർ | നിയമസഭാ സമുച്ചയം (തീയതി) | ജില്ലാതലം (തീയതി) | സംസ്ഥാനതലം (തീയതി) | ആകെ |
|---|---|---|---|---|
| 1 | 31-1-2024 | - | - | |
| 2 | 19-6-2024 | - | - | |
| 3 | 26-6-2024 | - | - | |
| 4 | 2-7-2024 | - | - | |
| 5 | 11-9-2024 | - | - | |
| 6 | 8-10-2024 | - | - | |
| ആകെ | 6 | - | - | 6 |

<u>അനുബന്ധം II</u>

സമിതി യോഗത്തിൽ ഹാജരായ അംഗങ്ങളും പരിഗണിച്ച വിഷയങ്ങളും

| ക്രമ നമ്പർ | യോഗ തീയതി | ഹാജരായ അംഗങ്ങളുടെ പേര് | സമിതി പരിഗണിച്ച വിഷയങ്ങളുടെ സംക്ഷിപ്തം |
|---|---|---|---|
| 1 | 31-1-2024 | ശ്രീ. പ്രമോദ് നാരായൺ<br>ശ്രീ. സി. എച്ച് . കുഞ്ഞമ്പു<br>ശ്രീ. സി. ആർ. മഹേഷ്<br>ശ്രീ. കുറുക്കോളി മൊയ്തീൻ<br>ശ്രീ. കെ. പ്രേംകുമാർ<br>ശ്രീ. ഐ. ബി. സതീഷ് | സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ടിന്റെ കരട് |
| 2 | 19-6-2024 | ശ്രീ. പ്രമോദ് നാരായൺ<br>ശ്രീ. സി. ആർ. മഹേഷ്<br>ശ്രീ. ഐ. ബി. സതീഷ് | സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിന്റെ കരട് |
| 3 | 26-6-2024 | ശ്രീ. പ്രമോദ് നാരായൺ<br>ശ്രീ. കെ. പ്രേംകുമാർ<br>ശ്രീ. ഐ. ബി. സതീഷ് | സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടിന്റെ കരട് |
| 4 | 2-7-2024 | ശ്രീ. പ്രമോദ് നാരായൺ<br>ശ്രീ. കുറുക്കോളി മൊയ്തീൻ<br>ശ്രീ. കെ. പ്രേംകുമാർ<br>ശ്രീ. ഐ. ബി. സതീഷ് | സമിതിയുടെ പതിനാലാമത് റിപ്പോർട്ടിന്റെ കരട് |
| 5 | 11-9-2024 | ശ്രീ. പ്രമോദ് നാരായൺ<br>ശ്രീ. കുറുക്കോളി മൊയ്തീൻ | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ |
| 6 | 8-10-2024 | ശ്രീ. പ്രമോദ് നാരായൺ<br>ശ്രീ. കുറുക്കോളി മൊയ്തീൻ<br>ശ്രീ. കെ. പ്രേംകുമാർ<br>ശ്രീ. ഐ. ബി. സതീഷ് | സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ടിന്റെ കരട് |

<u>അനുബന്ധം III</u>

സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം

| ക്രമ നമ്പർ | റിപ്പോർട്ട് നമ്പർ | വിഷയം | സമിതി അംഗീകരിച്ച തീയതി | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 11 | അനൗദ്യോഗിക ബില്ലുകളുടെ സമയ പരിധി -സംബന്ധിച്ച് | 31-1-2024 | 1-2-2024 |
| 2 | 12 | അനൗദ്യോഗിക ബില്ലുകളുടെ സമയ പരിധി -സംബന്ധിച്ച് | 19-6-2024 | 20-6-2024 |
| 3 | 13 | അനൗദ്യോഗിക പ്രമേയങ്ങളുടെ സമയ പരിധി -സംബന്ധിച്ച് | 26-6-2024 | 27-6-2024 |
| 4 | 14 | അനൗദ്യോഗിക ബില്ലുകളുടെ സമയ പരിധി -സംബന്ധിച്ച് | 2-7-2024 | 4-7-2024 |
| 5 | 15 | അനൗദ്യോഗിക ബില്ലുകളുടെ സമയ പരിധി -സംബന്ധിച്ച് | 8-10-2024 | 10-10-2024 |

## അനുബന്ധം IV

സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ ലിസ്റ്റ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | വകുപ്പ് |
|---|---|---|---|
| 1 | 4365/പി.എം.ബി.ആർ.1/ 2014/ലെജി. | 'സമഗ്ര പരിസ്ഥിതി നയം' ആവിഷ്കരിക്കുന്നത് സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ, എം.എൽ.എ. അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയം | റവന്യൂ |
| 2 | 4211/പി.എം.ബി.ആർ.1/ 2015/ലെജി. | കാർഷികവിളകളിലെ രാസവള-കീടനാശിനി പ്രയോഗവും ഭക്ഷ്യപദാർത്ഥങ്ങളിലെ മായം ചേർക്കലും സംബന്ധിച്ച് ശ്രീമതി ഇ.എസ് . ബിജിമോൾ, എം.എൽ.എ. അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയം | ആരോഗ്യ കുടുംബക്ഷേമം |
| 3 | 2979/പി.എം.ബി.ആർ.2/ 2016/ലെജി. | 2016-ലെ ശുദ്ധ ജലാവകാശ ബിൽ- ശ്രീ. ആർ. രാജേഷ് , എം.എൽ.എ. അവതരണാനുമതി ഉപക്ഷേപം അവതരിപ്പിച്ചത് സംബന്ധിച്ച് | ജലവിഭവം |
| 4 | 6271/പി.എം.ബി.ആർ.1/ 2019/ലെജി. | സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് ശ്രീ. മാത്യു ടി. തോമസ് , എം.എൽ.എ, അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയം | പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണം |

## അനുബന്ധം V

സർക്കാരിൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ തീർപ്പാക്കാനുള്ള ഫയലുകളുടെ ലിസ്റ്റ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | വകുപ്പ് |
|---|---|---|---|
| 1 | 1233/പി.എം.ബി.ആർ1./ 2010/ലെജി. | സമിതി(2009-2011)-യുടെ ഇരുപതാമത് (ജൈവകൃഷിവ്യാപനം സംബന്ധിച്ച് )റിപ്പോർട്ട് | കൃഷി |
| 2 | 3724/പി.എം.ബി.ആർ.1/ 2017/ലെജി. | തൊഴിൽ മേഖലയിൽ പ്രതിസന്ധി നേരിടുന്ന കേരളീയ പ്രവാസികളെ സംരക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന ശ്രീ. കെ. വി. അബ്ദുൽ ഖാദർ, എം.എൽ.എ. അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയം - സംബന്ധിച്ച് | കേരളീയ പ്രവാസികാര്യം |
| 3 | 5140/പി.എം.ബി.ആർ1/ 2017/ലെജി. | ഐ.ടി. മേഖലയിലെ പ്രതിസന്ധി സംബന്ധിച്ച് ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ. അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയം - സംബന്ധിച്ച് | ഇലക്ട്രോണിക്സ് & ഐ.ടി. വിഭാഗം |
| 4 | 15600/പി.എം.ബി.ആർ1/ 2023/ലെജി. | സമിതി(2021-2023)-യുടെ പത്താമത് റിപ്പോർട്ട് (സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നത് സംബന്ധിച്ച) റിപ്പോർട്ട് | 1) ആരോഗ്യ കുടുംബക്ഷേമം<br>2) ധനകാര്യം<br>3) തദ്ദേശ സ്വയംഭരണം<br>4) പൊതുവിദ്യാഭ്യാസം<br>5) റവന്യൂ<br>6) വനിത-ശിശു വികസനം<br>7) കൃഷി<br>8) തൊഴില് |